# കാലിക്കറ്റ് സർവ്വകലാശാല മലയാള-കേരളപഠനവിഭാഗം

## പിഎച്ച്.ഡി. പ്രവേശനപരീക്ഷ

## മാതൃകാ ചോദ്യപ്പേപ്പർ

സമയം: 3 *മണിക്കൂർ* ആകെ മാർക്ക്*:* 100

**I 1 മുതൽ 50 വരെ ചോദ്യങ്ങൾക്ക് ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഒരുമാർക്കുവീതം.**

1. 'ഗവേഷണപദ്ധതി' എന്ന പുസ്തകത്തിന്റെ രചയിതാവാര്?

2. *സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ* എന്ന സഹിത്യചരിത്രകൃതിയിൽ ഭാഷാഗദ്യം എന്ന ഭാഗം തയ്യാറാക്കിയതാര്?

3. വിവരണാത്മകഭാഷാശാസ്ത്രത്തിന്റെ ഉപജ്ഞാതാവാര്.?

4. ലാങ്ങ് – പരോൾ എന്നീ ഘടകങ്ങൾക്ക് പകരമായി നോം ചോംസ്കി അവതരിപ്പിച്ച പദങ്ങളേവ?

5. ചാത്തനാത്ത് അച്യുതനുണ്ണി രചിച്ച ഗവേഷണരീതിശാസ്ത്രഗ്രന്ഥത്തിന്റെ പേരെന്ത്?

6. മാർദ്ദംഗികന്മാർ എന്നും അറിയപ്പെടുന്നതാര്?

7. കളവും കർപ്പും സംഘകാലത്തിലെ ............. ആണ്?

8. കാന്തളൂർശാലയും പാർത്ഥിവപുരം ശാലയും സ്ഥാപിച്ച രാജവംശം ഏത്?

9. പുലപ്പേടി മണ്ണാപ്പേടി എന്നിവ നിരോധിച്ചതിനെക്കുറിച്ച് പറയുന്ന ശാസനമേത്?

10. കുഞ്ഞിക്കുട്ടൻതമ്പുരാന്റെ *നല്ലഭാഷ, ഉപ്പൽക്കോളാമ്പി* എന്നിവ അച്ചടിച്ചുവന്ന മാസികയേത്?

11. യുക്തിവാദി മാസികയുടെ പത്രാധിപർ ആരായിരുന്നു?

12. തിരുവിതാംകൂറിലെ വിദ്യാഭ്യാസവകുപ്പിന്റെ ഔദ്യോഗികപ്രസിദ്ധീകരണമായിരുന്ന പ്രസിദ്ധമായ മലയാള സാഹിത്യമാസികയേത്?

13. ഈഴവസമുദായത്തിന്റെ പുരോഗതി ലക്ഷ്യം വെച്ച് പരവൂർ കേശവനാശാൻ ആരംഭിച്ച വാരികയേത്.?

14. സുജാതോദ്വാഹം (1906) ചമ്പുവിന്റെ കർത്താവാര്?

15. "നമുക്ക് ഗാർഹസ്ഥ്യവഴിക്കു നേടിടാം വിമുക്തിയെക്കാളുമഖണ്ഡമാം സുഖം"- എന്നവരികൾ ഏത് കൃതിയിലേതാണ്?

16. ജി. മലയാളത്തിലെ അതുല്യനായ സിംബോളിക് കവിയാമെന്ന് വാദിച്ചവരാരെല്ലാം?

17. മദ്യവർഗദുരന്തമാണ് കുടിയൊഴിക്കലിലെ ദുരന്തമെന്ന് നിരീക്ഷിച്ചതാര്?

18. സുഗതകുമാരിയുടെ പ്രഥമകാവ്യസമാഹാരമേത്?

19. സമീക്ഷ, ഗോപുരം എന്നീ പ്രസിദ്ധ ആനുകാലികങ്ങൾ നടത്തിയതാര്?

20. 'മലയാളഗവേഷണം സർവ്വകലാശാലകളിൽ'- ഈ പുസ്തകത്തിന്റെ കർത്താവാര്?

21. "ഫോടാ, ഫോ. യോഗീശ്വരസ്വാമി ചുത്ത യമലോഹം പെരട്ടി നിത്തം മൂന്ന് നേരം ചോറ് വിളമ്പുന്ന തന്ത്രം അവന്റെ തഞ്ചയിലൊണ്ടെങ്കിൽ അതെടുക്കാൻ പറ."- കഥാപാത്രമേത് ?

22. "ഒരു നോവലെഴുത്തുകാരന്റെ പ്രതിഭയുടെ വൈഭവം യഥാർത്ഥത്തിൽ പരീക്ഷിക്കപ്പെടുന്നത് പാത്രസൃഷ്ടിയിലാണ്. അതിൽക്കൂടി അയാൾ രൂപംകൊടുക്കുന്ന മാനുഷികപ്രപഞ്ചത്തിൽ, അതിൽ സി.വി.യെ അതിശയിക്കാൻ അദ്ദേഹത്തോട് കിടനിൽക്കാൻ പോലും വളരെപ്പേർ കാണുകയില്ല. മലയാളത്തിലെന്നല്ല വിശ്വത്തിൽപ്പോലും."- ആരുടെ വാക്കുകൾ?

23. കിട്ടുണ്ണിമേനോൻ എന്ന യാളുടെ അപമൃത്യുവിന്റെ കാരണം കണ്ടുപിടിക്കാൻ കുഞ്ഞുണ്ണി ഇൻസ്പെക്ടർ പ്രാകൃതമാർഗങ്ങൾ തേടുന്ന കഥ ഏത് നോവലിലേത്.

24. വൈ ഷുഡ് ഐ ബീ ഫ്രീ. ഹു വാണ്ട്സ് ഫ്രീഡം – ഏത് നോവലിലെ വാക്കുകളാണിത്.

25. തകഴിക്ക് ജ്ഞാനപീഠം കിട്ടിയ വർഷമേത്. ?

26. 'ഗവേഷണരീതിശാസ്ത്രം: സിദ്ധാന്തവും പ്രയോഗവും' എന്ന പുസ്തകത്തിന്റെ എഡിറ്റർ ആര്?

27. പ്രകൃതിനിയമം എന്ന നോവലിന്റെ കർത്താവാര്.?

28. അവസാനത്തെ ഇല എന്ന ചെറുകഥയുടെ കർത്താവായ പാശ്ചാത്യസാഹിത്യകാരനാര്.?

29. രാജശിക്ഷ ലഭിച്ചവരിൽ എന്നെപ്പോലെ ഭാഗ്യഹീനൻമാരായി മറ്റാരും ഉണ്ടായിട്ടില്ല- എന്ന് തുടങ്ങുന്ന ചെറുകഥയേത്?

30. പ്രയോഗസജ്ജമായ ശബ്ദമാണ് -------?

31. "വഴിവക്കിൽ കാണുന്ന ദൂഷണങ്ങളെപ്പറ്റി പറയുമ്പോൾ മാർദ്ദവമല്ലാത്ത വാക്കുകൾ ഇതിൽ പലേടത്തും വീണിട്ടുണ്ടാവും. ആരേയെങ്കിലും ആക്ഷേപിക്കുന്നതിനല്ല, നന്നാക്കുന്നതിനാണ് ഞാൻ ആഗ്രഹിക്കുക- ശക്തിയല്ല ആത്മാർത്ഥതയാണ് അതിനെന്നെ പ്രേരിപ്പിക്കുക."- എന്ന് പ്രഖ്യാപിച്ച ചെറുകഥാകൃത്താരാണ്?

32. *കണ്ണുകൾ* എന്ന ചെറുകഥയിലൂടെ രംഗപ്രവേശം ചെയ്ത മലയാളസാഹിത്യകാരനാര് ?

33. അഗ്നിസാക്ഷി എന്ന നോവലിന്റെ ബീജം ദർശിക്കാവുന്ന ലളിതാംബിക അന്തർജ്ജനത്തിന്റെ കഥ ഏത്?

34. സ്കൂൾ അനുഭവങ്ങളെ കേന്ദ്രമാക്കിക്കൊണ്ട് സ്കൂൾഡയറി എന്ന കൃതി രചിച്ചതാര്?

35. 'ഗവേഷണപ്രവേശിക ആരെഴുതിയ പുസ്തകം?

36.മലയാളത്തിലെ പ്രതിഭാശാലിയായ ഒരു കഥാകാരന്റെ സമാഹാരമാണ് *നേർച്ചക്കോഴി* – ആരുടേതാണത്?

37. ശബ്ദാലങ്കാരവിഷയത്തിൽ മയൂരസന്ദേശം കാളിദാസകൃതികളെ അതിശയിക്കുന്നുവെന്ന് പറഞ്ഞതാര്?

38. അർദ്ധാച്ച് എന്ന സ്വരത്തിന് കേരളപാണിനി നല്കിയ പേരെന്ത്?

39. പാശ്ചാത്യപൌരസ്ത്യവിമർശനങ്ങളുടെ സാരം ഒന്നുതന്നെയെന്ന് ആദ്യം പ്രസ്താവിച്ചതാര്?

40. മലയാളത്തിൽ മനശ്ശാസ്ത്രവിമർശനത്തെ അടിസ്ഥാനമാക്കി രചിച്ച പ്രഥമഗ്രന്ഥമേത്?

41. ഉത്തരാധുനികതയെ അട്ടിമറികളുടെ സാഹിത്യം എന്ന് വിലയിരുത്തിയതാര് ?

42. ശബ്ദവ്യാപാരങ്ങൾ എന്നറിയപ്പെടുന്നത് ഏതെല്ലാം ?

43. അഭിനവഗുപ്തന്റെ രസസൂത്രവ്യാഖ്യാനം ഏത്?

44. കേരളസംസ്ഥാനബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണമേത്?

45. *വാല്മീകിയുടെ രാമൻ* എന്ന പ്രസിദ്ധനിരൂപണം ഏത് കൃതിയിലേതാണ്?

46. സ്ത്രീകളുടെ ദുരവസ്ഥ ചൂണ്ടിക്കാട്ടുന്ന അതികഠിനം എന്ന ചെറുകഥയുടെ കർത്താവാര്?

47. വാക്കിന്റെ സാമൂഹികശാസ്ത്രം എന്ന ഗ്രന്ഥത്തിന്റെ രചയിതാവാര്?

48. കുഞ്ഞിക്കുട്ടൻതമ്പുരാന്റെ *നല്ലഭാഷ, ഉപ്പൽക്കോളാമ്പി* എന്നിവ അച്ചടിച്ചുവന്ന മാസികയേത്?

49. 'എരിതീ' എന്ന പദത്തിൽ തകാരം ഇരട്ടിക്കാത്തതിന് ഏ.ആർ. പറയുന്ന യുക്തിയെന്ത്?

50. *നിർമ്മാല്യം* എന്ന ചലച്ചിത്രത്തിന് ആധാരമായ ചെറുകഥയുടെ പേരെന്ത്? (50X1=50)

**II 51 മുതൽ 55 വരെയുള്ള ഏതെങ്കിലും മൂന്നു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. പത്തുമാർക്കുവീതം.**

51. ഗവേഷണത്തിൽ ദത്തശേഖരണത്തിനുള്ള പ്രാധാന്യം സോദാഹരണം വ്യക്തമാക്കുക.

52. ഗവേഷണപ്രവർത്തനങ്ങളിൽ സുപ്രധാനമാണ് പരികല്പന (ഹൈപോതിസീസ്). ചർച്ച ചെയ്യുക.

53. ഗവേഷണത്തിന് വിഷയം തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാനകാര്യങ്ങൾ എന്തൊക്കെ? കാര്യകാരണസഹിതം വിവരിക്കുക.

54. പ്രഥമാകരം, ദ്വിതീയാകരം, തൃതീയാകരം എന്നിവയെക്കുറിച്ച് ഏതെങ്കിലും പഠനമേഖലയെ മുൻനിർത്തി വിശദീകരിക്കുക

55. ഗവേഷണപ്രബന്ധത്തിൽ ഗ്രന്ഥസൂചി (ബിബ്ലിയോഗ്രഫി) നിർവ്വഹിക്കുന്ന ധർമ്മം എന്തൊക്കെ?

(3X10=30)

**III ആറുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഇരുപതുമാർക്ക്.**

56. നിങ്ങൾ ചെയ്യാനാഗ്രഹിക്കുന്ന ഗവേഷണത്തിന്റെ രൂപരേഖ (സിനോപ്സിസ്) തയ്യാറാക്കുക. (1X20=20)

ചോദ്യങ്ങൾക്കുള്ള ഉത്തരസൂചിക വേറെ തയ്യാറാക്കി നല്കേണ്ടതാണ്.

**UNIVERSITY GRANTS COMMISSION**
**NET BUREAU**

Subject: **MALAYALAM** Code No.: 22

**SYLLABUS**

**ഇതൾ ഒന്ന് (Unit 1)**

# മലയാളസാഹിത്യം- പ്രാരംഭം

**(ഇരുപതാംനൂറ്റാണ്ടു വരെയുള്ള മലയാളസാഹിത്യത്തിന്റെ ചരിത്രവും സ്വഭാവവും അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങളാണ് ഉദ്ദേശ്യം)**

**1. പാട്ടുപ്രസ്ഥാനം-നിർവചനം-വികാസപരിണാമങ്ങൾ-പ്രധാനപ്പെട്ട കൃതികൾ**
**2. മണിപ്രവാളം-നിർവചനം-വർഗീകരണം- വികാസപരിണാമങ്ങൾ- ആദ്യകാലമണിപ്രവാളകൃതികൾ- മദ്ധ്യകാലമണിപ്രവാളകൃതികൾ- ഇവ തമ്മിലുള്ള വ്യത്യാസം- ഈ പ്രസ്ഥാനത്തിൽപ്പെടുന്ന കൃതികൾ**
**3. ഇതരകാവ്യപ്രസ്ഥാനങ്ങൾ-ഗാഥ-കിളിപ്പാട്ട്-പാന-വഞ്ചിപ്പാട്ട്-പ്രധാനകൃതികൾ**
**4. ഗദ്യമാതൃകകൾ-ശാസനഭാഷ-ഭാഷാകൌടലീയം- അംബരീഷോപാഖ്യാനം- ബ്രഹ്മാണ്ഡപുരാണം-മിഷണറിഗദ്യം-മാപ്പിളമലയാളം**
**5. മഹാകാവ്യം- ഖണ്ഡകാവ്യം-മുക്തകം- വിവർത്തനങ്ങൾ**
**6. സാഹിത്യക്കളരികൾ-കേരളവർമ്മപ്രസ്ഥാനം-കൊടുങ്ങല്ലൂർക്കളരി- കാവ്യഭാഷാചിന്തയിൽ പ്രാസവാദവും പച്ചമലയാളരചനാവാദവും സൃഷ്ടിച്ച ചലനങ്ങൾ.**

**ഇതൾ രണ്ട് (UNIT2)**

# ഇരുപതാം നൂറ്റാണ്ടുമുതലുള്ള മലയാളകവിത

**(മലയാളകവിതയുടെ ഇരുപതാംനൂറ്റാണ്ടിൽ തുടങ്ങുന്ന ചരിത്രവും സ്വഭാവവും അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങളാണ് ഉദ്ദേശ്യം)**

**1. കാല്പനികത-പ്രാരംഭവും വികാസപരിണാമങ്ങളും- പ്രധാനകൃതികൾ**
**2. കാല്പനികതയുടെ അപചയം- പ്രതികാല്പനികത-സാമൂഹികപ്രതിജ്ഞാബദ്ധതയും മലയാളകവിതയും-പ്രധാനകൃതികളും എഴുത്തുകാരും.**
**3. ആധുനികത- ആഖ്യാനത്തിലും പ്രമേയത്തിലും വരുത്തിയ മാറ്റങ്ങൾ- പ്രധാനകൃതികളും എഴുത്തുകാരും.**
**4. ആധുനികോത്തരകവിത- ദളിത്-സ്ത്രീ- പരിസ്ഥിതി- സൈബർ കവിതകൾ**

5. മലയാളത്തിലെ വിവർത്തനകവിതകൾ

## ഇതൾ മൂന്ന് (UNIT 3)

## കഥാസാഹിത്യം

(മലയാളത്തിലെ ചെറുകഥ,നോവൽ എന്നീ സാഹിത്യജനുസ്സുകളെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങളാണ് ഉദ്ദേശ്യം)

**1. മലയാളചെറുകഥ- ഉത്ഭവവും വളർച്ചയും-രചനാസങ്കേതങ്ങൾ-പ്രസ്ഥാനങ്ങൾ-ആദ്യകാലകഥകൾ-നവോത്ഥാനകാലകഥകൾ-ആധുനികകാലം-ആധുനികോത്തരകാലം-ഭാവുകത്വപരിണാമവും മലയാളചെറുകഥയും-ചെറുകഥാവിവർത്തനങ്ങൾ**

**2. നോവൽ-ഉത്ഭവവും വളർച്ചയും-ആദ്യകാലം-നവോത്ഥാനകാലം-ആധുനികകാലം-ആധുനികോത്തരകാലം-ഭാവുകത്വപരിണാമവും നോവലും-നോവൽ വിവർത്തനങ്ങൾ**

## ഇതൾ നാല് (UNIT 4)

## ദൃശ്യകലയും സാഹിത്യവും

(രംഗവേദിയും സാഹിത്യവും തമ്മിലുള്ള ബന്ധത്തെ മുൻനിർത്തിയുള്ളതും സാഹിത്യത്തെ സവിശേഷമായി പ്രതിനിധീകരിക്കുന്നതുമായ ചോദ്യങ്ങളാണ് ഈ ഭാഗം ലക്ഷ്യമാക്കുന്നത് )

**1. ആട്ടക്കഥയും കഥകളിയും-ചരിത്രം-ആട്ടക്കഥാകൃത്തുക്കളും കൃതികളും-കഥകളി-രംഗാവതരണം- വേഷം-വാദ്യം-അഭിനയം-സംഗീതം-ആദ്യകാലസങ്കേതങ്ങൾ-സവിശേഷരംഗങ്ങൾ**

**2. തുള്ളൽ-ചരിത്രം-വിവിധയിനം തുള്ളലുകൾ-നമ്പ്യാരും തുള്ളൽക്കൃതികളും-പിൽക്കാല തുള്ളൽക്കൃതികൾ-വേഷം-വാദ്യം**

**3. മലയാളനാടകം -പ്രാരംഭം-കൂത്തും കൂടിയാട്ടവും-ആദ്യകാലനാടകങ്ങൾ-വിവർത്തനങ്ങൾ-അനുകരണങ്ങൾ-പ്രഹസനങ്ങൾ-സോദ്ദേശ്യനാടകങ്ങൾ-ചവിട്ടുനാടകം-പാഴ് സി നാടകവേദിയും ബാലെയും-സാമൂഹികനാടകം-പ്രശ്നനാടകം-പരീക്ഷണനാടകം-അസംബന്ധനാടകം-തനതുനാടകം-ദളിത് നാടകം-സ്ത്രീനാടകം-പരിസ്ഥിതിനാടകം-രംഗവേദിയുടെ ചരിത്രം-നാടകക്കളരികൾ-നാടകസമിതികൾ**

**4. തിരക്കഥയും സിനിമയും-ചരിത്രം-രചനാസങ്കേതങ്ങൾ – മലയാളത്തിലെ പ്രധാന തിരക്കഥകൾ-അനുകല്പനം-ചലച്ചിത്രഗാനങ്ങൾ-സിനിമയുടെ വിവിധവിഭാഗങ്ങൾ**

ഇതൾ അഞ്ച് (UNIT 5)

## നാടോടിവിജ്ഞാനീയം

(ഫോക് ലോർ നിർവചനം,സിദ്ധാന്തം,സമീപനം,വർഗീകരണം,പരിണാമം എന്നിവയ്ക്കു പുറമേ കലയുടെയും രംഗവേദിയുടെയും സാഹിത്യത്തിന്റെയും തനതുസംസ്കാരത്തെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങളാണ് ഉദ്ദേശ്യം)

**1. ഫോക് ലോർ നിർവചനം-സിദ്ധാന്തം-സമീപനം-പരിണാമം-നാടോടിക്കലാനിർവഹണം-അനുഷ്ഠാന-അനുഷ്ഠാനേതരനാടോടിക്കലാനിർവഹണങ്ങൾ**
**2. വാമൊഴിവഴക്കം- ശൈലി-പഴഞ്ചൊല്ല്-കടങ്കഥ-മുത്തശ്ശിക്കഥകൾ-പുരാവൃത്തങ്ങൾ-ഐതിഹ്യങ്ങൾ-നാടൻപാട്ടുകൾ**
**3. അനുഷ്ഠാന-അനുഷ്ഠാനേതരനാടകങ്ങൾ-പറണേറ്റ്-പടയണി-മുടിയേറ്റ്-ദാരികവധം-രുധിരക്കോലം-തിറ-ഗദ്ദിക-ചിമ്മാനക്കളി-കോതാമൂരിയാട്ടം-തെയ്യം-ഭൂതക്കോലം-പൊറാട്ടുകൾ**

ഇതൾ ആറ് (UNIT 6)

## മലയാളനിരൂപണം

(മലയാളനിരൂപണത്തിന്റെ ഉല്പത്തിവികാസം, സ്വഭാവം എന്നിവയെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങളാണ് ഉദ്ദേശ്യം)

**1. പുസ്തകാഭിപ്രായം-നിരൂപണം-വിമർശനം-ഉപന്യാസം എന്നിവയുടെ പ്രാരംഭഘട്ടം-പത്രങ്ങളും മാസികകളും നൽകിയ സംഭാവന**
**2. നിരൂപണത്തിന്റെ ആദ്യഘട്ടം-സാഹിത്യപോഷണത്തിനും പരിഷ്കരണത്തിനും മലയാളനിരൂപണം നൽകിയ സംഭാവനകൾ-ആദ്യകാലനിരൂപണത്തിന്റെ സ്വഭാവം-ആദ്യകാലനിരൂപകർ-പൌരസ്ത്യനിരൂപണവുമായുള്ള ബന്ധം**
**3. പാശ്ചാത്യനിരൂപണസിദ്ധാന്തങ്ങളുടെ കടന്നുവരവ്-ചെറുകഥ-നോവൽ തുടങ്ങിയ സാഹിത്യജനുസ്സുകളെക്കുറിച്ചുള്ള ധാരണ നൽകുന്നതിൽ നിരൂപണം വഹിച്ച പങ്ക്**
**4. പ്രമേയവും രൂപവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് മലയാളനിരൂപണത്തിലുണ്ടായ ചർച്ച- സാഹിത്യത്തിന്റെ പ്രതിജ്ഞാബദ്ധതയെപ്പറ്റിയുള്ള ചർച്ച-പാരമ്പര്യസാഹിത്യബോധവും വർത്തമാനകാലസാഹിത്യവും തമ്മിലുള്ള താരതമ്യം.**
**5. ആധുനികത- ആധുനികഭാവുകത്വം രൂപപ്പെടുത്തിയതിൽ നിരൂപണത്തിനുള്ള പങ്ക്- ആധുനികാനന്തരസാഹിത്യപ്രസ്ഥാനത്തിന്റെ കടന്നു വരവ്-നിരൂപണത്തിന്റെ വർത്തമാനകാലം- ദളിത്-സ്ത്രീ-പരിസ്ഥിതിവിമർശനങ്ങൾ,**

ജനപ്രിയസാഹിത്യപഠനം- സംസ്കാരപഠനം- തർജ്ജമാപഠനം- സാഹിത്യചരിത്രവിജ്ഞാനീയം

## ഇതൾ ഏഴ് (UNIT 7)

## മറ്റ് സാഹിത്യവിഭാഗങ്ങൾ

(താഴെക്കൊടുത്തിരിക്കുന്ന മറ്റ് സാഹിത്യവിഭാഗങ്ങളുടെ സ്വഭാവവും മലയാളസാഹിത്യത്തിൽ ഇവയുടെ സ്ഥാനവും അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾ ഉദ്ദേശ്യം)

1. ജീവചരിത്രം-ആത്മകഥ-യാത്രാവിവരണം--സർവകലാശാലയിലെ ഗവേഷണചരിത്രം-വിജ്ഞാനകോശം-നിഘണ്ടു-സൈബർസാഹിത്യം-കാരിക്കേച്ചർ-താരതമ്യസാഹിത്യപഠനം-വിവർത്തനപഠനം

## ഇതൾ എട്ട് (UNIT 8)

## ഭാഷാശാസ്ത്രവും വ്യാകരണവും

(ഭാഷാശാസ്ത്രം, വ്യാകരണം എന്നീ പഠനമേഖലകൾ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങളാണ് ഉദ്ദേശ്യം)

1. പ്രാചീനഭാരതത്തിലെ ഭാഷാപഠനരീതികൾ- പ്രയുക്തഭാഷാശാസ്ത്രം- ഭാഷാകക്ഷ്യകൾ- ഭാഷാഗോത്രങ്ങൾ- സ്വനവിജ്ഞാനം-രൂപവിജ്ഞാനം- വാക്യവിജ്ഞാനം- അർത്ഥവിജ്ഞാനം- ഭാഷാഭേദവിജ്ഞാനം - സാമൂഹികഭാഷാശാസ്ത്രം- പരിസ്ഥിതിഭാഷാശാസ്ത്രം-വംശീയഭാഷാശാസ്ത്രം- കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ്- ധൈഷണികഭാഷാശാസ്ത്രം

2. മലയാളഭാഷോല്പത്തിസിദ്ധാന്തങ്ങൾ-ദ്രാവിഡഭാഷകൾ-തമിഴും മലയാളവും തമ്മിലുള്ള സാജാത്യവൈജാത്യങ്ങൾ-കക്ഷ്യാവിഭജനം- നാമങ്ങളുടെയും ക്രിയകളുടെയും കാര്യത്തിൽ മലയാളത്തിന് സംസ്കൃതത്തിൽ നിന്നുള്ള വ്യത്യാസങ്ങൾ-മലയാളവ്യാകരണഗ്രന്ഥങ്ങൾ- സ്വരങ്ങൾ-വ്യഞ്ജനങ്ങൾ-നാമരൂപം-ലിംഗം-വചനം-വിഭക്തി-വിഭക്ത്യാഭാസം-തദ്ധിതം- ക്രിയാരൂപം-പൂർണ്ണക്രിയ-അപൂർണ്ണക്രിയ- കാലം-പ്രകാരം- പ്രയോഗം-പ്രകൃതി-നിഷേധം-അനുപ്രയോഗം-ഭേദകം-സന്ധി-സമാസം

## ഇതൾ ഒമ്പത് (UNIT 9)

# സാഹിത്യസിദ്ധാന്തങ്ങളും സൌന്ദര്യശാസ്ത്രവും

(സാഹിത്യസിദ്ധാന്തങ്ങളെയും സൌന്ദര്യസങ്കല്പങ്ങളെയും ആധാരമാക്കിയുള്ള ചോദ്യങ്ങളാണ് ഉദ്ദേശ്യം. പ്രധാന സൈദ്ധാന്തികർ, ഗ്രന്ഥങ്ങൾ, സങ്കല്പനങ്ങൾ എന്നിവയിൽ നിന്നുള്ള ചോദ്യങ്ങളായിരിക്കണം.)

1. പായിരം-പൊതുപ്പായിരം തുടങ്ങി നന്നൂലിൽ പറയുന്ന കാവ്യസങ്കൽപ്പങ്ങൾ-തൊൽക്കാപ്പിയത്തിലെ പൊരുളതികാരം-കാവ്യവിഭജനം-തിണസങ്കല്പം-മെയ്പ്പാട്-ഉവമ-തൊടൈ-വണ്ണം

2. കവി-ഭാവുകൻ-കാവ്യഹേതുക്കൾ-കാവ്യനിർവചനം-കാവ്യപ്രയോജനം-ധ്വനി-രസം-അലങ്കാരം- രീതി-ഗുണം-വക്രോക്തി-അനുമാനം-ഔചിത്യം-പ്രധാനപ്പെട്ട വൃത്തങ്ങളും അലങ്കാരങ്ങളും

3. ക്ലാസ്സിസിസം-നിയോക്ലാസ്സിസിസം-റൊമാന്റിസിസം-നാച്വറലിസം-സിംബലിസം-ഇംപ്രഷണിസം-റിയലിസം-സോഷ്യലിസ്റ്റ് റിയലിസം-മാർക്സിസം-സർറിയലിസം-എക്സ്പ്രഷണിസം- എക്സിസ്റ്റൻഷ്യലിസം-സ്ട്രക്ച്ചറലിസം- പോസ്റ്റ് സ്ട്രക്ച്ചറലിസം-മോഡേണിസം- മനോവിജ്ഞാനീയം-പോസ്റ്റ്മോഡേണിസം-അപനിർമ്മാണം-കോളനീയാനന്തരവാദം-സ്ത്രീവാദം- ദളിത് വാദം-പരിസ്ഥിതിവിജ്ഞാനീയം-ഇതര സാഹിത്യസമീപനങ്ങൾ

## ഇതൾ പത്ത് (UNIT 10)

# കേരളസംസ്കാരം

(കേരളത്തിന്റെ സാംസ്കാരികചരിത്രത്തിന് പ്രാമുഖ്യം നൽകിക്കൊണ്ട് സാമൂഹികവും മതപരവും രാഷ്ട്രീയവുമായ ഇടപെടലുകളെ ആസ്പദമാക്കിയുള്ള ചോദ്യങ്ങളാണ് ഉദ്ദേശ്യം)

1. സാംസ്കാരികചരിത്രനിർമ്മിതിയുടെ ഉപാദാനങ്ങൾ-ഭൂമിശാസ്ത്രവും അധിവാസമേഖലകളും-ഗോത്രസംസ്കൃതി

2. പ്രാചീനരാഷ്ട്രീയസംസ്കാരം- സംഘകാലം-കുലശേഖരകാലം-നാട്ടുരാജ്യങ്ങൾ-വിദേശാധിപത്യം-സ്വാതന്ത്ര്യസമരം-ഭരണനവീകരണം-ഐക്യകേരളപ്പിറവി -ജനാധിപത്യഭരണം

**3. സാമൂഹികസംസ്കാരം-കൃഷി-ഭക്ഷണം-പാർപ്പിടം-വസ്ത്രം-ദായക്രമം-വിനോദങ്ങൾ-ജാതിവ്യവസ്ഥ-സാമ്പത്തികഘടന-തൊഴിൽസംസ്കൃതി-തൊഴിലാളിപ്രസ്ഥാനങ്ങൾ-പൊതുവിദ്യാഭ്യാസത്തിന്റെ വ്യാപനം-വിവിധവിജ്ഞാനമേഖലകളും കേരളസംസ്കാരവും-കലകൾ-കേരളം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ-ആഗോളീകരണവും കേരളസംസ്കാരവും-സാംസ്കാരികസ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും-മാതൃഭാഷാപരിപോഷണയത്നങ്ങൾ-സാംസ്കാരികരംഗത്തെ അംഗീകാരങ്ങളും പുരസ്കാരങ്ങളും.**

**4. മതങ്ങളുടെ സംഭാവന-ഹിന്ദുമതം-ജൈനമതം-ക്രിസ്തുമതം-ഇസ്ലാംമതം-യഹൂദമതം - മതനവോത്ഥാനപ്രസ്ഥാനങ്ങളും നായകരും-കേരളസംസ്കാരത്തിന്റെ മതേതരസ്വഭാവം**

**5 മാധ്യമസംസ്കാരം-അച്ചടി-പ്രസാധനം-പാഠപുസ്തകനിർമ്മാണം-യാത്രാസംവിധാനം-ആശയവിനിമയരീതികൾ-തപാൽ-പത്രങ്ങളും മാസികകളും-റേഡിയോ, ടെലിവിഷൻ-നവമാധ്യമങ്ങൾ**

# കാലിക്കറ്റ് സർവ്വകലാശാല, മലയാള-കേരളപഠനവിഭാഗം
# പിഎച്ച് ഡി പ്രവേശനപരീക്ഷ
# ഗവേഷണരീതിശാസ്ത്രം സിലബസ്. 2023

**യൂണിറ്റ് 1.**

ഗവേഷണവും സാധാരണപഠനവും തമ്മിലുള്ള സാമാന്യവ്യത്യാസം. മുമ്പേ ഉണ്ടായിട്ടുള്ള അറിവുകൾ സ്വായത്തമാക്കുന്നതും അതിൽനിന്ന് പുതിയ അറിവുനിർമ്മാണത്തിലേക്ക് മുന്നേറുന്നതും. യുക്തിയുടെ ശാസ്ത്രം. ശാസ്ത്രഗവേഷണം-പരീക്ഷണനിരീക്ഷണങ്ങൾ. സിദ്ധാന്തരൂപീകരണം. സിദ്ധാന്തപരിശോധന.
ഭാഷാസാഹിത്യഗവേഷണങ്ങളുടെ വ്യതിരിക്തത. സാഹിത്യപഠനങ്ങൾ- ആസ്വാദനം, നിരൂപണം, വിമർശനം, സാഹിത്യചരിത്രം, പ്രസ്ഥാനപഠനം, സൗന്ദര്യശാസ്ത്രപഠനം ഇവയിൽനിന്ന് ഗവേഷണപഠനത്തനുള്ള വ്യത്യാസം. ഭാഷാപഠനം- ഭാഷപഠിക്കുന്നതും ഭാഷയെക്കുറിച്ച് പഠിക്കുന്നതും ഭാഷാഗവേഷണവും. ഭാഷാശുദ്ധി പരിശോധന, ഭാഷാസൂത്രണം, ഭാഷയും സമൂഹവും, ഭാഷയും സാങ്കേതികവിദ്യയും.

**യൂണിറ്റ് 2.**

ഗവേഷണസവിശേഷതകൾ. കാലം- സമയപരിധി. വിപുലമായ ദത്തശേഖരണം.- വ്യാപ്തി, വസ്തുനിഷ്ഠത. വർഗ്ഗീകരണം. യുക്തിഭദ്രമായ വിശകലനം. നിലപാടുകൾ. വിശകലനോപാധികൾ. നിർദ്ധാരണം. ഗവേഷണരേഖ തയ്യാറാക്കൽ.

വ്യത്യസ്ത ഗവേഷണരീതികൾ- സൈദ്ധാന്തികം, , വിവരണാത്മകം, പ്രായോഗികം, താരതമ്യാത്മകം,  പാരിമാണാത്മകം, അന്തർവൈജ്ഞാനികം, ബഹുവൈജ്ഞാനികം

**യൂണിറ്റ് 3.**

ഗവേഷണത്തിൻറെ ആസൂത്രണവും രൂപരേഖയും. -വിഷയനിർണ്ണയനം, പഠനമേഖല നിശ്ചയിക്കൽ. മേഖലയുടെ ജ്ഞാനപശ്ചാത്തലം. അതിൽനിന്ന് മുന്നേറുന്ന തരത്തിൽ വിഷയസ്വീകരണം, ഗവേഷണപ്രശ്നം അവതരിപ്പിക്കൽ. പരികല്പനാരൂപീകരണം, ശീർഷകനിർണ്ണയനം. ശീർഷകത്തിലെ താക്കോൽവാക്കുകളുടെ നിർവ്വചനം.
പഠനലക്ഷ്യം, പഠനത്തിൻറെ പ്രസക്തി. പഠനമേഖലയും ദത്തങ്ങളും. പൂർവ്വപഠനങ്ങളുടെ പ്രസക്തിയുംപരിമിതിയും. പഠനരീതി. വിഭാവനം ചെയ്യുന്ന പ്രബന്ധരേഖയുടെ സ്വരൂപം. ഉദ്ധരണികളും പരമാർശങ്ങളും ചേർക്കുന്നരീതി. ഗവേഷണമുന്നേറ്റത്തിനുതകുന്ന ഗ്രന്ഥസൂചി തയ്യാറാക്കൽ. വസ്തുനിഷ്ഠവും യുക്തിഭദ്രവും കാര്യകാരണസമന്വിതവുമായ ഭാഷാപ്രയോഗം. ദത്തശേഖരണം- ആകരസാമഗ്രികൾ- പ്രഥമം, ദ്വതീയം, ത്രിതീയം.

**യൂണിറ്റ് 4.**

പ്രബന്ധരചന- പ്രബന്ധശരീരം- പ്രബന്ധപ്രവേശകം/ മുൻവിഭവം, വിശകലനഭാഗം/ നടുവിഭവം, ഉപസംഹാരഭാഗം/പിൻവിഭവം, ഗ്രന്ഥസൂചി, വെബോഗ്രഫി, അനുബന്ധങ്ങൾ

പ്രബന്ധാഖ്യാനത്തിലെ രീതിഭേദങ്ങൾ- വർണ്ണന, ആഖ്യാനം, ഉപപാദനം (ഏ.ആർ. രാജരാജവർമ്മയുടെ നിലപാടുകൾ- സാഹിത്യസാഹ്യം). ഇവയുടെ സമുചിതമായ ചേർപ്പുകൾ. പ്രബന്ധരചനയിലെ ആഗമന-നിഗമനരീതികൾ, പൂർവ്വപക്ഷ-സിദ്ധാന്തപക്ഷരീതികൾ.

**യൂണിറ്റ് 5.**

പ്രബന്ധരചനയുടെ ഘട്ടങ്ങൾ- കരടുരചനയും പരിഷ്കരണവും. ആശയസംവിധാനത്തിലെ എഡിറ്റിങ്ങ്, ഭാഷാപരമായ എഡിറ്റിങ്ങ്, രീതിശാസ്ത്രപരമായി എഡിറ്റിങ്ങ്. പട്ടികകളുംചിത്രങ്ങളും നല്കുന്ന വിധം. അനുബന്ധങ്ങൾ നല്കുന്ന രീതി. പ്രൂഫുനോട്ടം, ഫൈനൽ ഡ്രാഫ്റ്റ്. (കുട്ടികൃഷ്ണമാരാരുടെ മലയാളശൈലിയിലെ മാതൃകകൾ)
പ്ലേജറിസം അഥവാ ആശയചോരണം എന്ത്, എങ്ങനെ ഒഴിവാക്കാം.
ബൗദ്ധികമായ സത്യസന്ധത. ബൗദ്ധികസ്വത്തും പകർപ്പവകാശപ്രശ്നങ്ങളും. ആശയങ്ങൾ സ്വീകരിക്കുമ്പോൾ കടപ്പാട് രേഖപ്പെടുത്തുകയെന്ന ബാദ്ധ്യത. ഉദ്ധരണികൾ, ആശയപരാമർശങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തുന്നതിൻറെ പ്രസക്തിയും അതിനുള്ള രീതികളും.

**സഹായകഗ്രന്ഥങ്ങൾ**

ഗവേഷണം: പ്രബന്ധരചനയുടെ തത്ത്വങ്ങൾ, ചാത്തനാത്ത് അച്യുതനുണ്ണി, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 2004.
ഗവേഷണപദ്ധതി കെ.എം. പ്രഭാകരവാര്യർ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 1982
ഗവേഷണപഠനവും രീതിശാസ്ത്രവും, അറിവുല്പാദനത്തിൻറെ പുതുവഴികൾ ടി.അനിതകുമാരി (ജന. എഡി.), തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല, തിരൂർ 2017.
ഗവേഷണപ്രവേശിക എം. വി. വിഷ്ണുനമ്പൂതിരി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2001.
ഗവേഷണരീതിശാസ്ത്രം നടുവട്ടം ഗോപാലകൃഷ്ണൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2002
മലയാളഗവേഷണം; റഫറൻസിൻറെ രസതന്ത്രം അശോക് ഡിക്രൂസ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2019
സാഹിത്യഗവേഷണത്തിൻറെ രീതിശാസ്ത്രം ഡി. ബെഞ്ചമിൻ, മാളുബെൻ പ്രസിദ്ധീകരണം, തിരുവനന്തപുരം 2012.
മലയാളശൈലി കുട്ടികൃഷ്ണമാരാർ മാതൃഭൂമി പ്രിൻറിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനി
സാഹിത്യസാഹ്യം ഏ.ആർ. രാജരാജവർമ്മ കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
*Bibliography and Textual Criticism*, Freedom Bowers, Srada Publication 2012.
*Introducing Research Methodology* Uwe Flick Sage, New Delhi 2011.
*Qualitative Research* David Silverman, Sage Publications, New Delhi, 1997.
*Research Methods in Cultural Studies*, Michael Pickering (Ed.) Edinburgh University Press